**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2816** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ കടൽഭിത്തി-പുലിമുട്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ കടലാക്രമണം തടയുന്നതിനായി നടന്നുവരുന്ന കടൽഭിത്തി-പുലിമുട്ട് നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ രൂക്ഷമായ കടലാക്രമണം അനുഭവപ്പെട്ടുകൊണ്ടി രിക്കുന്ന പ്രദേശമാണ് ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പതിയങ്കര, ആറാട്ടുപുഴ, വട്ടച്ചാൽ എന്നീ തീരപ്രദേശങ്ങൾ. 01.08.2017 -ലെ സ.ഉ(സാധാ)നം.659/2017/ജവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കടൽഭിത്തി-പുലിമുട്ട് നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനായി സംസ്ഥാന സർക്കാരിന്റെ തന്നെ സംരംഭമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിലെ ആറാട്ടുപുഴയിൽ 1.4 km നീളത്തിലുള്ള കടൽ തീരത്ത് 21 പുലിമുട്ടുകളും വട്ടച്ചാലിൽ 1.80 km നീളത്തിൽ 16 പുലിമുട്ടുകളും തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ 1.50 km നീളത്തിൽ 13 പുലിമുട്ടുകളുടെയും നിർമ്മാണമാണ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതികൾ ടെൻഡർ ചെയ്ത് കരാർ നടപ്പിലാക്കി പ്രവൃത്തികൾ ആരംഭിച്ചു. പരമ്പരാഗത രീതിയിൽ കല്ലുകൾ മാത്രം ഉപയോഗിച്ചുള്ള പുലിമുട്ടുകൾക്കു പകരം അടിയിൽ കല്ലുകളും മുകളിൽ കോൺക്രീറ്റ് നിർമിതമായ ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള രീതിയാണ് ഇതിൽ അവലംബിച്ചിരിക്കുന്നത്. പുലിമുട്ടിൽ ഇരുവശത്തും 2 ടൺ ഭാരമുള്ള ടെട്രാപോഡുകളും, പുലിമുട്ടിന്റെ അഗ്രഭാഗത്ത് 5 ടൺ ഭാരമുള്ള 2 ലെയർ ടെട്രാപോഡുമാണ് കവചമായി സ്ഥാപിക്കുന്നത്. ഇതിൽ ടെട്രാപോഡു കളുടെ നിർമ്മാണം, കല്ലുകൾ തൂക്കുവാനുള്ള വെയ്റ്റ് ബ്രിഡ്ജുകളുടെ നിർമ്മാണവും സ്ഥാപിക്കലും, മണ്ണിന്റെ ഉത്ഖനനം എന്നിവ പുരോഗമിച്ചു വരുന്നു. |
| (ബി) | ഈ പ്രവൃത്തികൾ എന്നത്തേക്ക് | (ബി) | ഈ പദ്ധതികൾ 2022 ജനുവരി അവസാനത്തോടെ |

| | | | |
|---|---|---|---|
| | പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്? | | പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ